പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2543 **28-10-2026-ൽ മറുപടിയ്ക്ക്**

കല്ല്യാശ്ശേരി പട്ടികജാതി പട്ടികവർഗ്ഗ കുടുംബത്തിൽപ്പെട്ടവർക്കുള്ള ധനസഹായ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. വിജിൻ ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) ഏകവരുമാനദായകർ മരണപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ കുടുംബത്തിൽപ്പെട്ടവർക്കുള്ള ധനസഹായ പദ്ധതി പ്രകാരം കല്ല്യാശ്ശേരി മണ്ഡലത്തിൽ നിന്നുള്ള എത്ര കുടുംബങ്ങളുടെ അപേക്ഷയിലാണ് ധനസഹായം അനുവദിയ്ക്കാൻ ശേഷിക്കുന്നത്; പ്രസ്തുത അപേക്ഷകർക്ക് ധനസഹായം എന്ന് അനുവദിച്ചു കിട്ടുമെന്ന് വിശദമാക്കാമോ?

മറുപടി: ഏകവരുമാനദായകൻ മരണപ്പെട്ട പട്ടികജാതി കുടുംബത്തിൽപ്പെട്ടവർക്കുള്ള ധനസഹായ പദ്ധതി പ്രകാരം കല്ല്യാശ്ശേരി മണ്ഡലത്തിൽ നിന്നുള്ള 9 അപേക്ഷകർക്ക് ധനസഹായം അനുവദിയ്ക്കാൻ ശേഷിക്കുന്നുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അപേക്ഷകർക്ക് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

കല്ല്യാശ്ശേരി മണ്ഡലത്തിൽ പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ ഇല്ലാത്തതിനാൽ, ഈ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ അപേക്ഷകളൊന്നും തന്നെ ധനസഹായത്തിനായി ശേഷിക്കുന്നില്ല.

സെക്ഷൻ ഓഫീസർ